(ബി&സി) ഉണ്ട്. പ്രസ്തുത പോളിടെക്നിക്കിലെ പേരന്റ് ടീച്ചർ അസോസിയേഷനാണ് ഈ ആവശ്യം ഉന്നയിച്ചത്.

(ഡി & ഇ) ഒഴിവുള്ള ലക്ചറർ തസ്തികകളിലേക്ക് ഗസ്റ്റ് ലക്ചറർമാരെ നിയമിച്ചു കൊണ്ട് താൽക്കാലിക ബുദ്ധിമുട്ട് ഒഴിവാക്കിയിട്ടുണ്ട്. ഒഴിവുകളിൽ നിയമനം നടത്തുന്നതിന് പബ്ലിക് സർവ്വീസ്സ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അടുത്ത അദ്ധ്യയനവർഷം എല്ലാ തസ്തികകളിലേക്കും സ്ഥിര നിയമനം നൽകുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

നേതാജി സുഭാഷ് സാക്ഷരതാമിഷന്റെ പ്രവർത്തനം

111 (694) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേതാജി സുഭാഷ് ചന്ദ്രബോസ് സാക്ഷരതാമിഷന്റെ എന്തെങ്കിലും പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടത്തുന്നുണ്ടോ ;

(ബി) ഈ മിഷൻ എന്തെല്ലാം പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിട്ടുള്ളത് ;

(സി) ഇതിന്റെ പ്രവർത്തനം സംസ്ഥാന ഗവൺമെന്റ് മുഖേനയാണോ കേന്ദ്ര ഗവൺമെന്റ് നേരിട്ടാണോ നടത്തുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

റോഡുകളുടെ നിർമ്മാണം

112 (695) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. പി. എ. മജീദ്
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) എത്ര റോഡുകളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട് ;

(സി) എത്ര റോഡുകളുടെ നിർമ്മാണത്തിന് പ്രത്യേകാനുമതി നൽകിയിട്ടുണ്ട് ;

(ഡി) എത്ര റോഡുകളുടെ പണി ടെന്റർ ചെയ്തിട്ടുണ്ട് ;

(ഇ) എത്ര റോഡുകളുടെ പണി ആരംഭിച്ചിട്ടുണ്ട് ;

(എഫ്) എത്ര റോഡുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly